# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6147 | 20.11.2019 -ൽ മറുപടിയ്ക്ക്

## അവശകലാകാരന്മാർക്കുള്ള സഹായങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ :** | **ശ്രീ. എ. കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| സാംസ്കാരിക വകുപ്പ് മുഖേന അവശകലാകാരൻമാർക്ക് ലഭ്യമാക്കിവരുന്ന സഹായങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ? | സാമ്പത്തിക പ്രയാസവും ശാരീരിക അവശതയും അനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന പ്രതിമാസം 1500/-രൂപ (ആയിരത്തിയഞ്ഞൂറ് രൂപ) സംസ്ഥാന കലാകാര പെൻഷൻ അനുവദിക്കുന്നു. കൂടാതെ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം, അവരുടെ അപേക്ഷകളും ചികിത്സാ രേഖകളും പരിഗണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ) വരെ ചികിത്സാ ധനസഹായം അനുവദിക്കാറുണ്ട്. ഈ പദ്ധതി പ്രകാരം ഒരിക്കൽ ചികിത്സാ ധനസഹായം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല.<br>മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി അർഹരായവർക്ക് ധനസഹായം നൽകിയിട്ടുണ്ട്.<br>അവശകലാകാരന്മാർക്ക് അവരുടെ അസുഖത്തിന്റെ കാഠിന്യം, ചികിത്സാ ചെലവിന്റെ തോത് എന്നിവ പരിഗണിച്ച് കേരള ഫോക് ലോർ അക്കാദമി ചികിത്സാ സഹായം നൽകാറുണ്ട്.<br>കേരള സംഗീത നാടക അക്കാദമി കലാകാരന്മാർക്കായി അപകട-വൈദ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ പ്രീമിയം അടയ്ക്കുകയും ചെയ്യുന്നുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള സഹായം ഈ പദ്ധതിയിലുള്ള കലാകാരന്മാർക്ക് ലഭിക്കുന്നുണ്ട്.<br>കേരള ലളിതകലാ അക്കാദമിയുടെ കലാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ളവരും പ്രവർത്തിച്ചുവരുന്നവരുമായ |

കലാകാരന്മാർക്ക് അവരുടെ രോഗതീവ്രത കണക്കിലെടുത്ത്, അക്കാദമി നിർവ്വാഹകസമിതിയുടെ അംഗീകാരത്തിനു വിധേയമായി 10,000/-രൂപ (പതിനായിരം രൂപ മാത്രം) മുതൽ 30,000/-രൂപ (മുപ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ സഹായം അനുവദിച്ചു നൽകാറുണ്ട്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രതിമാസം 1000/- രൂപ (ആയിരം രൂപ) വീതം അവശകലാകാരന്മാർക്ക് പെൻഷനായും പരമാവധി 25,000/-രൂപ (ഇരുപത്തിയയ്യായിരം രൂപ) വരെ, പെട്ടെന്നുണ്ടാകുന്ന അപകടങ്ങൾ മൂലവും മാരകമായ രോഗങ്ങൾ മൂലവും കഷ്ടപ്പെടുന്ന കലാകാരന്മാർക്ക് ചികിത്സാ സഹായമായും അനുവദിക്കുന്നു.

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്, ക്ഷേമനിധിയിൽ നിന്നും പെൻഷന് അർഹനാകുന്ന കലാ സാംസ്കാരിക പ്രവർത്തകന് പ്രതിമാസം 3000/- രൂപ പെൻഷൻ അനുവദിക്കുന്നുണ്ട്. ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ടിട്ടുള്ള അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് ഏതെങ്കിലും ഗുരുതരമായ മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000/-രൂപ (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ ചികിത്സാ സഹായമായി അനുവദിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**